## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത** **27.10.2016 -ൽ മറുപടിക്ക്**

**ചോദ്യം നം. 4965**

## അക്വാ റിഫോംസ് കമ്മിറ്റി റിപ്പോർട്ട്

| | **ചോദ്യം**<br>**ശ്രീ.ജോൺ ഫെർണാണ്ടസ്** | | **ഉത്തരം**<br>**ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി)** |
|---|---|---|---|
| (എ) | 1996-2001 കാലഘട്ടത്തെ സർക്കാർ ഫിഷറീസ് വകുപ്പിന് കീഴിൽ രൂപീകരിച്ച അക്വാ റിഫോംസ് കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; | (എ) & (ബി) | 05.04.2000 ൽ സ.ഉ.(സാധാ) 196/2000/മ.തു.വ. നമ്പർ ഉത്തരവ് പ്രകാരം മാസ്റ്റർ പ്ലാൻ തയ്യാറാക്കാനായി ഒരു കമ്മിറ്റി രൂപീകരിച്ചുവെങ്കിലും പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് നൽകിയിട്ടില്ല. പിന്നീട് 13.04.2007 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 245/2007/മ.തു.വ. പ്രകാരം ഫിഷറീസ് മേഖലയിൽ അക്വേറിയം റീഫോംസ് നടപ്പിൽ വരുത്തുന്നതിനായി ഒരു എക്സ്പേർട്ട് കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. മത്സ്യബന്ധനോപാധികളുടെ ഉടമസ്ഥാവകാശവും മത്സ്യത്തിന്റെ ആദ്യ വിൽപ്പനയ്ക്കുള്ള അവകാശവും മത്സ്യത്തൊഴിലാളികൾക്കു മാത്രം ഉറപ്പു വരുത്തുന്നതിന് പ്രസ്തുത കമ്മിറ്റി ശുപാർശ ചെയ്തതനുസരിച്ച് ഫിഷറീസ് മേഖലയിലെ ട്രേഡ് യൂണിയൻ നേതാക്കളുമായും മത്സ്യത്തൊഴിലാളികളുമായും കമ്മിറ്റി സിറ്റിംഗ് നടത്തുകയും ചെയ്തു. കൂടാതെ ടെറിറ്റോറിയൽ സമുദ്രത്തിലെ മത്സ്യസമ്പത്തിന്റെ പൂർണ്ണ അവകാശം മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നതിനും കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്. അതു പ്രകാരം പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഉപജീവനം ഉറപ്പ് വരുത്തുന്നതിനുവേണ്ടിയും ടെറിറ്റോറിയൽ സമുദ്രത്തിലെ പരമ്പരാഗത മേഖലയിലെ മത്സ്യബന്ധനത്തിന്റെയും ആദ്യ വിൽപ്പന ക്രമപ്പെടുത്തുകയും ചെയ്യുന്നതിനായുള്ള അക്വേറിയം റീഫോംസിന്റെ കരട് ബില്ല് പരിശോധിച്ചുവരുന്നു. |
| (ബി) | പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികളെന്തെല്ലാമെന്ന് വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ